ctabudarr@gmail.com



# അല്ലാഹുവിന്റെ സാമീപ്യമാണ് വിശ്വാസിയുടെ കരുത്ത്

عن الْبَرَاء بْن عَازِب رَضِي اللَّهُ عَنْهمَا قَالَ قَالَ لِي رَسُولُ اللَّه ﷺ إذَا أَتَيْتَ مَضْجَعَك فَتَوَضَّأْ وُضُوءَكَ لِلصَّلَوة ثُمَّ اضْطَجعْعَلَى شقِّكَ الْأَيْمَن وَقُلْ اللَّهُمَّ أَسْلَمْتُ وَجْهِي إِلَيْكَ وَفَوَّضْتُ أَمْرِي إِلَيْكَ وَأَلْجَأْتُ ظَهْرِي إِلَيْكَ رَهْبَةً وَرَغْبَةً إِلَيْكَ لامَلْجَأً وَمَنْجَا منْكَ إِلَّا إِلَيْكَ آمَنْتُ بِكتَابكَ الَّذِي أَنْزَلْتَ وبنَبِيِّكَ الَّذِي أَرْسَلْتَ فَإِنْ مُتَّ مُتَّ عَلَى الْفِطْرَةِ فَاجْعَلْهُنَّ آخِرَ مَا تَقُولُ فَقُلْتُ أَسْتَذْكِرُهُنَّ وَبِرَسُولِكَ الَّذِي أَرْسَلْتَ قَالَ لَا وَبِنَبِيِّكَ الَّذِي أَرْسَلْتَ (بخاري).

ബറാഉബ്നു ആസിബിൽ നിന്ന് നിവേദനം. നബി(സ) എന്നോട് പറഞ്ഞു: 'നീ കിടപ്പറയിൽ ചെല്ലുമ്പോൾ നമസ്കാരത്തിനെന്നപോലെ വുദു ചെയ്യുക. എന്നിട്ട് വലതുഭാഗത്തേക്ക് ചെരിഞ്ഞ് കിടക്കുക. അനന്തരം പ്രാർഥിക്കുക: 'അല്ലാഹുവേ എന്റെ മുഖത്തെ ഞാൻ നിനക്ക് കീഴ്പെടുത്തിയിരിക്കുന്നു. എന്റെ കാര്യം നിന്നിൽ സമർഷിച്ചിരിക്കുന്നു. പേടിച്ചും പ്രതീക്ഷയർപ്പിച്ചും നിന്നിൽ അഭയം തേടുന്നു. നിന്നിൽ നിന്ന് നിന്നിലേക്കല്ലാതെ അഭയമോ രക്ഷാസങ്കേതമോ ഇല്ല. അല്ലാഹുവേ നീ ഇറക്കിയ ഗ്രന്ഥത്തിൽ ഞാനിതാ വിശ്വസിച്ചിരിക്കുന്നു; നീ അയച്ച നബിയിലും.' (ബറാഇനോട് നബി തുടർന്ന് പറഞ്ഞു): 'ആ രാത്രി നിനക്ക് മരണം സംഭവിച്ചു എന്നിരിക്കട്ടെ, എങ്കിൽ ശുദ്ധപ്രകൃതിയിലാണ് (ഇസ്ലാമിലായാണ്) നിന്റെ മരണം. ഉറങ്ങാൻ കിടക്കുമ്പോൾ നിന്റെ അവസാന വാക്കുകൾ ഇവയായിരിക്കണം.' ബറാഅ് തുടരുന്നു: ഈ പ്രാർഥനകൾ ഞാൻ നബിയുടെ മുമ്പിൽ ആവർത്തിച്ചു. 'നീ ഇറക്കിയ ഗ്രന്ഥത്തിൽ ഞാൻ വിശ്വസിച്ചിരിക്കുന്നു' എന്നതിന് ശേഷം ഞാൻ പറഞ്ഞു: 'നീ അയച്ച റസൂലിലും.' അന്നേരം നബി എന്നെ തിരുത്തി: 'അങ്ങനെയല്ല, നീ അയച്ച നബിയിലും' (എന്നുതന്നെ പറയണം).

ജീവിതം സർവാത്മനാ അല്ലാഹുവിന് സമർപ്പിക്കുന്നവനാണല്ലോ യഥാർഥ സത്യവിശ്വാസി. തന്റെ അടിസ്ഥാനാശ്രയം ഏതെങ്കിലും മനുഷ്യരോ പ്രപഞ്ചത്തിലെ മറ്റേതെങ്കിലും സൃഷ്ടികളോ ആണെന്ന ധാരണ നമ്മിൽ വേരുറക്കുമ്പോൾ അല്ലാഹുവുമായുള്ള നമ്മുടെ അകൽച്ച വർധിച്ചുകൊണ്ടേയിരിക്കും. അതുകൊണ്ടുകൂടിയായിരിക്കാം ലോകത്തെ പുറത്താക്കി വാതിലടച്ച് കിടക്കുമ്പോൾ പോലും അല്ലാഹുവിൽ സമ്പൂർണമായി സമർപ്പിക്കണമെന്ന് പ്രവാചകൻ ഇതിലൂടെ ഉപദേശിക്കുന്നത്. അങ്ങനെയെങ്കിൽ ജനമധ്യേ ജീവിക്കുമ്പോഴുള്ള അവസ്ഥ പറയേണ്ടതില്ലല്ലോ.

അല്ലാഹുവാണ് തന്റെ അടിസ്ഥാനാശ്രയം എന്ന ഉറച്ച ബോധ്യമില്ലെങ്കിൽ പ്രതിസന്ധി ഘട്ടങ്ങളിൽ ഏതൊരാളും പതറിപ്പോവുക സ്വാഭാവികം. ഈമാനിന്റെ അവിഭാജ്യ ഘടകമാണ് ബോധ്യം. ഇതിന്റെ സാന്നിധ്യത്തിൽ വിശ്വാസികൾ അജയ്യരായിക്കും. ഇതില്ലെങ്കിലോ, കേവലം ചപ്പുചവറുകളും.

ഇസ്ലാമിന്റെ സുന്ദരമുഖത്തെ വികൃതമാക്കി അവതരിപ്പിക്കാനും അതിന്റെ വക്താക്കളെ പല മേൽവിലാസങ്ങളിൽ ഭീതിയുടെ തിരശ്ശീലക്കുപിന്നിൽ തളച്ചിടാനുമുള്ള ശ്രമങ്ങൾ എക്കാലത്തും ഉണ്ടായിട്ടുണ്ട്. അത് ഇനിയും തുടരുക തന്നെ ചെയ്യും. അതേസമയം മുസ്ലിംകൾ എന്ന് അവകാശപ്പെടുന്നവർ പോലും അത്തരം കുതന്ത്രങ്ങളുടെ ചട്ടുകങ്ങളായി മാറുന്നത് നിരാശാജനകമാണ്. അല്ലാഹുവിന്റെ സാമീപ്യം ഉറപ്പുവരുത്തലാണ് ഇതിനെയെല്ലാം ആർജവത്തോടെ നേരിടാനുള്ള മാർഗം.

ഉറക്കത്തിലും ഉണർച്ചയിലും അല്ലാഹുവിൽ ഭരമേൽപിച്ച് മുന്നേറുന്നവരെ ആർക്കും കീഴടക്കാനാവില്ല. എതിർപ്പുകളുടെ കൂറ്റൻ തിരമാലകൾക്ക് പോലും ആ സംരക്ഷണ ഭിത്തിയെ ഭേദിക്കാനാവില്ല (*ആലുഇംറാൻ* 160).

ഈമാൻ വർധിക്കാനുള്ള രാസത്വരകമാണ് വിശ്വാസിക്ക് തവക്കുൽ. ജനങ്ങൾ നിങ്ങൾക്കെതിരെ സംഘടിച്ചിരിക്കുന്നു, അവരെ പേടിക്കണം എന്ന് സത്യവിശ്വാസികൾക്ക് മുന്നറിയിപ്പ് കിട്ടിയാൽ, അത് അവരുടെ ഈമാൻ വർധിപ്പിക്കും. ഞങ്ങൾക്ക് അല്ലാഹുമതി. ഭരമേൽപിക്കാൻ അവൻ എത്ര യോഗ്യൻ! (*ആലുഇംറാൻ* 173). വേദക്കാരിൽ നിന്നും മറ്റു ബഹുദൈവവിശ്വാസികളിൽ നിന്നും നിരവധി ദ്രോഹകരമായ വാക്കുകൾ നിങ്ങൾ കേൾക്കേണ്ടി വരും. അപ്പോഴൊന്നും പതറാതെ ആദർശത്തിൽ അടിയുറച്ചുനിൽക്കണമെന്ന് അല്ലാഹു ഉണർത്തുന്നു (*ആലുഇംറാൻ* 186).

അല്ലാഹുവെ അടുത്തറിയുക, ഏകദൈവവിശ്വാസം ഹൃദയത്തിൽ രൂഢമൂലമാക്കുക, അല്ലാഹുവുമായി ആത്മബന്ധം സ്ഥാപിക്കുക, അല്ലാഹുവെ കുറിച്ച സദ്വിചാരം, അല്ലാഹുവിന്റെ ഹിതാഹിതങ്ങളനുസരിച്ചാണ് ഈ ലോകത്ത് ഓരോ ചലനവും നിശ്ചലതയും സംഭവിക്കുന്നതെന്ന ഉറച്ചബോധ്യത്തിൽ ജീവിതം പൂർണമായും അല്ലാഹുവിന് സമർപ്പിക്കുക തുടങ്ങിയവയുടെ ആകത്തുകയാണ് തവക്കുൽ. അതൊരിക്കലും നിഷ്ക്രിയത്വത്തിന്റെ പേരല്ല.

തവക്കുൽ ഇല്ലാതായാൽ ഈമാനിന്റെ ചൈതന്യം നഷ്ടപ്പെടും. അതിനാൽ രാപ്പകൽ ഭേദമന്യേ അല്ലാഹുവിനോടുള്ള നമ്മുടെ അടുപ്പവും പ്രതിബദ്ധതയും ഊട്ടിയുറപ്പിച്ചുകൊണ്ടിരിക്കണം. അപ്പോൾ അല്ലാഹുവിന്റെ കാവൽ നമുക്കുണ്ടാവും. അല്ലാഹു കൂടെയുള്ള ഒരാൾക്ക് പിന്നെ ഭയമെന്തിന്? ഖുർആൻ 52 സൂക്തങ്ങളിൽ അല്ലാഹുവിൽ തവക്കുൽ ചെയ്യാൻ ആവശ്യപ്പെടുന്നുണ്ട്.

വീട്ടിൽ നിന്ന് പുറത്തിറങ്ങുമ്പോഴും വീട്ടിലേക്ക് തിരിച്ചെത്തുമ്പോഴും അല്ലാഹുവിൽ തവക്കുൽ ചെയ്യണമെന്ന് പ്രവാചകൻ പഠിപ്പിക്കുന്നു. അങ്ങനെയുള്ളവരെ ഇബ്ലീസിന് പോലും ഒന്നും ചെയ്യാനാവില്ല എന്നും ഹദീസുകളിൽ കാണാം. പിന്നെയല്ലേ ഫറോവയും നംറൂദും ഹാമാനും. ■